## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 104 — 12/03/2015 ൽ മറുപടിയ്ക്ക്

## റവന്യൂ- സർവ്വേ - രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. പുരുഷൻ കടലുണ്ടി. | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റവന്യൂ- സർവ്വേ- രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം (റെലീസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ, ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആയതിലേക്കുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. |
| (ബി) ഏത് ജില്ലയിലാണ് ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ളത്; ഇത് വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) പാലക്കാട് ജില്ലയിലാണ് ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ളത്. ഇത് വിജയകരമായി ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ നടന്നുവരുന്നു. മാത്രമല്ല നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചു കിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. കൂടാതെ സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ, പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകുന്നതുമില്ല. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് ഇതിലൂടെ നടപ്പിലാക്കുന്നത്. |

| | |
|---|---|
| (സി) മേൽപ്പറഞ്ഞ വകുപ്പുകളിൽ സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ കൃത്യമായി ഇല്ല എന്ന അധികൃതരുടെ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു കാരണം കൈയ്യേറ്റങ്ങൾ സംബന്ധിച്ച കേസുകളിൽ സർക്കാരിന് വേണ്ട രീതിയിൽ വാദങ്ങളുന്നയിക്കാൻ സാധിക്കുന്നില്ല എന്ന് അറിവുള്ളതാണോ; വ്യക്തമാക്കുമോ? | (സി) സർക്കാർ ഭൂമിയുടെ സംരക്ഷണവും പരിപാലനവും പ്രധാനമായും വില്ലേജ് ആഫീസറുടെ കർത്തവ്യമാണ്. ഇതിനാവശ്യമായ രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ, ഫീൽഡ് മെഷർമെന്റ് ബുക്ക്/ലിത്തോമാപ്പ് മുതലായ രേഖകൾ വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ്, സർവ്വെ ആഫീസ് എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവയിൽ മാറ്റങ്ങൾ വില്ലേജ് രേഖകളിലാണ് വരുത്തുന്നത്. പഴയ രേഖകൾ കാലപ്പഴക്കം കൊണ്ട് ഉപയോഗപ്രദമല്ലാതായ അവസ്ഥ ഒട്ടുമിക്ക വില്ലേജുകളിലേയും സുതാര്യമായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുളവാക്കുന്നു. റീസർവ്വെ കഴിഞ്ഞ വില്ലേജുകളിൽ റെക്കാർഡുകളിൽ വൻ തോതിലുള്ള ക്രമക്കേടുകളും കൃത്രിമങ്ങളും നടക്കുന്നതായും, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, വയനാട് ജില്ലകളിൽ നടത്തിയ അന്വേഷണങ്ങളിലും റീസർവ്വെ അദാലത്ത് നടപടികൾ ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിരുന്നു. ആയതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>സർക്കാർ ഭൂമി നഷ്ടപ്പെട്ട കേസുകളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുന്നതിന് നിയമപരിരക്ഷ നൽകി 2009 ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമം നിയമസഭ പാസാക്കിയിട്ടുള്ളതാണ്. സർവ്വെ രേഖകളും, റവന്യൂ രേഖകളും, ഭൂമിയുടെ ഫോട്ടോയും പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ച് പ്രത്യേകം പരിശീലനം ലഭിച്ച ജീവനക്കാരെ വിനിയോഗിച്ച് ഡിജിറ്റൈസ് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്ന പ്രോജക്ട് നിലവിൽ വന്നിട്ടുണ്ട്. സർവ്വെ അദാലത്ത് പ്രകാരവും, ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും, ഹാജരാക്കുന്ന രേഖകൾ ശരിയാണോ എന്ന് പഴയ റിക്കാർഡുകളുടെയും പുതിയ റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ക്രമകേടുകൾ ബോധ്യപ്പെട്ടാൽ താലൂക്ക് ആഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ